പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1815 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി മിനിസ്റ്റീരിയൽ സ്റ്റാഫുകളുടെ ഡ്യൂട്ടി

ചോദ്യം

ശ്രീ.സി.മമ്മൂട്ടി

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും ഓരോ ഷെഡ്യൂൾ ഡ്യൂട്ടിയ്ക്കും നൽകി വന്നിരുന്ന ഡ്യൂട്ടി എണ്ണത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താമസമില്ലാതെ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. യുടെ മുഴുവൻ ഷെഡ്യൂളുകളുടേയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച്, ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ മുൻസർക്കാരിന്റെ കാലയളവിൽ ഇത്തരം ഷെഡ്യൂളുകൾക്ക് നൽകി വന്നിരുന്ന ഡ്യൂട്ടി എണ്ണം അധികമാണെന്ന് കണ്ടെത്തിയതിന്റെ ഫലമായിട്ടാണോ ഇങ്ങനെ ഒരു വെട്ടിക്കുറവ് വരുത്തിയത്; | | |
| (സി) | ശമ്പളം ലഭിക്കുന്ന ഇത്തരം ഡ്യൂട്ടി എണ്ണം കുറവ് ചെയ്ത് അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ കെ.എസ്.ആർ. ടി.സി മിനിസ്റ്റീരിയൽ സ്റ്റാഫിനും ബാധകമാക്കിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) | മാനവ വിഭവശേഷി പൂർണ്ണമായും, കാര്യക്ഷമമായും ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിഭാഗം ജീവനക്കാർക്കും ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സിയിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും ജോലി സമയം പുനഃക്രമീകരിക്കുകയുണ്ടായി. ആഫീസർമാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിച്ച് ഡ്യൂട്ടി പാറ്റേൺ |

| | | | |
|---|---|---|---|
| | | | പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ട്. മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ആയിരുന്നത് 16.08.2017 തീയതി മുതൽ രാവിലെ 9.30 മണി മുതൽ വൈകുന്നേരം 5.30 വരെ ആയി പുനഃക്രമീകരിച്ച് 8 മണിക്കൂറായി നിജപ്പെടുത്തുകയുണ്ടായി. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യൂണിറ്റ് ഓഫീസർ, ഡിപ്പോ എഞ്ചിനീയർ, ചീഫ് സ്റ്റോറിലെയും സ്റ്റേഷനറി സ്റ്റോറിലെയും ഓഫീസർമാർ, ജീവനക്കാർ കൂടാതെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന സിവിൽ വിഭാഗത്തിലെ ഓഫീസർമാർ, ജീവനക്കാർ എന്നിവർക്ക് രണ്ടാം ശനിയാഴ്ചയും പ്രവൃത്തി ദിവസമാക്കുകയും ചെയ്തു. |
| (ഡി) | മിനിസ്റ്റീരിയൽ സ്റ്റാഫുകൾക്ക് ഡ്യൂട്ടി എണ്ണം ബാധകമല്ലാത്തതിനാൽ അവർക്ക് ജോലിക്ക് ലഭിച്ചിരുന്ന പ്രതിമാസ ശമ്പളം ഇക്കാര്യങ്ങളൊന്നുകൊണ്ടും കുറവ് വരുന്നില്ലെന്നിരിക്കെ കാഠിന്യമുള്ള ലൈൻ ഡ്യൂട്ടി ചെയ്യുന്ന വിഭാഗങ്ങളോട് മാത്രം കഴിഞ്ഞ മൂന്നര കൊല്ലമായി തുടർന്ന് വരുന്ന തൊഴിലാളി വിരുദ്ധ നടപടി ഇനിയെങ്കിലും അവസാനിപ്പിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ നടപടികളുടെ ഭാഗമായി എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലിയും ജോലിസമയവും പുനക്രമീകരിക്കുകയുണ്ടായിട്ടുണ്ട്.<br>ആയതിന്റെ ഭാഗമായി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ആയിരുന്നത്, രാവിലെ 9:30 മണി മുതൽ വൈകുന്നേരം 5.30 മണി വരെയാക്കി 8 മണിക്കൂറായി പുനഃക്രമീകരിക്കുകയുണ്ടായി.<br>പുനരുദ്ധാരണ നടപടികളുടെ ഭാഗമായി, കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ നിലനില്പിന് ഉതകുന്ന പരിഷ്കരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആയതിന്റെ ഭാഗമായി തൊഴിലാളി വിരുദ്ധ നടപടികൾ ഒന്നുംതന്നെ കൈക്കൊണ്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**